# State Visit of the President of India to the Republic of Turkmenistan and Kingdom of the Netherlands (April 1-7, 2022)

March 22, 2022

---

## റിപ്പബ്ലിക് ഓഫ് തുർക്ക്മെനിസ്ഥാനിലേക്കും നെതർലാൻഡ്സിലേക്കുമുള്ള ഇന്ത്യൻ പ്രസിഡന്റിന്റെ സന്ദർശനം (ഏപ്രിൽ 1-7, 2022)

2022 മാർച്ച് 22

തുർക്ക്മെനിസ്ഥാൻ പ്രസിഡന്റിന്റെ ക്ഷണപ്രകാരം, ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ് 2022 ഏപ്രിൽ 1 മുതൽ 4 വരെയുള്ള തിയ്യതികളിൽ തുർക്ക്മെനിസ്ഥാനിൽ സന്ദർശനം നടത്തും. സ്വതന്ത്ര തുർക്ക്മെനിസ്ഥാനിലേക്കുള്ള ഇന്ത്യൻ പ്രസിഡന്റിന്റെ ആദ്യ സന്ദർശനമാണിത്. തുർക്ക്മെനിസ്ഥാന്റെ പുതിയ പ്രസിഡന്റിന്റെ സ്ഥാനാരോഹണത്തിന് തൊട്ടുപിന്നാലെയാണ് സന്ദർശനം.

സന്ദർശന വേളയിൽ, തുർക്ക്മെനിസ്ഥാന്റെ പുതിയ പ്രസിഡന്റ് സെർദാർ ബെർഡിമുഹമ്മഡോവുമായും പ്രസിഡന്റ് കൂടിക്കാഴ്ച നടത്തും. 2022 ജനുവരിയിൽ നടന്ന ഇന്ത്യ-മധ്യേഷ്യ ഉച്ചകോടിയുടെ ഫലങ്ങൾ നടപ്പിലാക്കുന്നത് ഉൾപ്പെടെ ഉഭയകക്ഷി, പ്രാദേശിക സഹകരണത്തിന്റെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യാൻ സന്ദർശന വേളയിൽ ചില കരാറുകളും ധാരണാപത്രങ്ങളും ഒപ്പുവെക്കുമെന്നും പ്രതീക്ഷിക്കുന്നു.

തുർക്ക്മെനിസ്ഥാൻ സന്ദർശനത്തെത്തുടർന്ന്, ബഹുമാന്യനായ കിംഗ് വില്യം അലക്സാണ്ടറുടെയും ബഹുമാന്യയായ രാജ്ഞി മാക്സിമയുടെയും ക്ഷണപ്രകാരം 2022 ഏപ്രിൽ 4 മുതൽ 7 വരെയുള്ള തിയ്യതികളിൽ നെതർലാൻഡ്സിലേക്കും ആദ്ദേഹം സന്ദർശനം നടത്തും. നെതർലൻഡ്സ് സന്ദർശന വേളയിൽ, രാജ കുടുംബങ്ങളുമായും നെതർലൻഡ്സ് പ്രധാനമന്ത്രി ശ്രീ. മാർക്ക് റുട്ടെയുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും.

2022-ൽ ഇന്ത്യയും നെതർലൻഡും നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75 മാത്ത് വാർഷികം ആഘോഷിക്കുന്നതിനാൽ വരാനിരിക്കുന്ന സന്ദർശനം പ്രാധാന്യമർഹിക്കുന്നു. 2021-ൽ, ഇരു രാജ്യങ്ങളിലെയും പ്രധാനമന്ത്രിമാർ തമ്മിൽ നടന്ന വെർച്വൽ ഉച്ചകോടിയിൽ, ഈ സുപ്രധാന മേഖലയിൽ ഇരുപക്ഷവും തമ്മിലുള്ള ഇടപഴകലിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി ജലത്തെ സംബന്ധിച്ച ഒരു നയാതന്ത്ര പങ്കാളിത്തം ആരംഭിച്ചിരുന്നു. കൃഷി, ആരോഗ്യം, നഗരവികസനം, ശാസ്ത്രം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിലെ സഹകരണം ഉഭയകക്ഷി ബന്ധത്തിന്റെ മറ്റ് പ്രധാന വശങ്ങളാണ്. ഇന്ത്യയുടെ നാലാമത്തെ വലിയ എഫ്ഡിഐ സ്രോതസ്സായ നെതർലാൻഡ്സ് ഇന്ത്യയുടെ ഒരു പ്രധാന സാമ്പത്തിക വാണിജ്യ പങ്കാളി കൂടിയാണ്. യൂറോപ്പിലെ ഏറ്റവും കൂടുതൽ ഇന്ത്യൻ പ്രവാസികൾക്കും ഈ രാജ്യം ആതിഥേയത്വം വഹിക്കുന്നു.

**ന്യൂ ഡെൽഹി**
**2022 മാർച്ച് 22**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.